85 രാത്തൽ ഭാരവും വീപ്പയുടെ ആകൃതിയുമുള്ള ഈ ഉപഗ്രഹം തള്ളൽശക്തി വർദ്ധിപ്പിക്കപ്പെട്ട ഒരു ഡെൽറ്റാ റോക്കാറ് ഉപയോഗിച്ചു് കേപ് കെന്നഡി (മുമ്പു് കേപ്പ് കാനവറൽ) യിൽനിന്നു് വിക്ഷേപിക്കുന്നതാണു്. ഭൂമിയിൽനിന്നു് 22,300 മൈൽ ഉയരത്തിലുള്ള ഒരു ഭ്രമണപഥത്തിലെത്തിയ്ക്കുന്നതിനു് ഇതിനു് കഴിയും. ഈ വസന്തകാലത്തും വേനൽകാലത്തും "ഏർളി ബേർഡി"ൽക്കൂടി ഇടയ്ക്കിടയ്ക്കു് ടെലിവിഷൻ പ്രക്ഷേപണങ്ങൾ നടത്തുന്നതിനു് അമേരിക്കയിലേയും യൂറോപ്പിലേയും ടെലിവിഷൻ കമ്പനിക്കാർ ഉദ്ദേശിക്കുന്നുണ്ടു്. ഈ ഉപഗ്രഹത്തിലെത്തിയ്ക്കുന്ന സിഗ്നലുകൾ അയയ്ക്കുകയും അതിൽനിന്നുള്ള സിഗ്നലുകൾ സ്വീകരിക്കുകയും ചെയ്യാൻ അമേരിക്കയിലും യൂറോപ്പിലും സ്ഥാപിച്ചിട്ടുള്ള ടർമിനൽ സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു.

ഏതാനും ആഴ്ചത്തേയ്ക്കുള്ള ഒരു ഉപഗ്രഹശ്രേണിയായിട്ടു് നിർമ്മിക്കേണ്ടതെന്നും ഈ വർഷാവസാനം തീരുമാനിക്കുമെന്നു് കോംസാറ്റ്" പറഞ്ഞു. ഭൂമിയുടെ ഭ്രമണവേഗത്തിനു് തുല്യമായ വേഗതയിൽ ഏറ്റവും ഉയരത്തിൽ സഞ്ചരിക്കുന്നവയാണോ, ഇടത്തരം ഉയരത്തിലോ കുറഞ്ഞ ഉയരത്തിലോ സഞ്ചരിക്കുന്നവയാണോ വേണ്ടതെന്നാണു് തീരുമാനിക്കേണ്ടിയിരിക്കുന്നതു്. ആഗോളവ്യാപകമായ സേവനം നൽകാൻ ഭൂമിയുടെ ഭ്രമണവേഗത്തിനു് തുല്യമായ വേഗതയുള്ള മൂന്നുപഗ്രഹങ്ങൾ മതി. എന്നാൽ, താണ ഉയരത്തിലുള്ളവയാണെങ്കിൽ 12 മുതൽ 16 വരെ ഉപഗ്രഹങ്ങൾ വേണ്ടിവരും.

—

ആക്ഷേപങ്ങളും ആവശ്യങ്ങളും

സ്വീകാര്യം വഴിനടക്കാൻ ബുദ്ധിമുട്ടനേരിടുന്നു

മങ്ങാട്ടുപറമ്പു് മാപ്പിളാസംരക്ഷണകേന്ദ്രത്തിൽ മരണവാഞ്ഛനുള്ളതിനായിവരുന്ന സ്വീകാര്യക്കു് ചില തെമ്മാടികളുടെ ഉപദ്രവം കാരണം വഴി നടക്കുവാൻ നിവൃത്തിയില്ലെന്നുള്ള പരാതി കിട്ടിക്കൊണ്ടിരിക്കുന്നു. സംരക്ഷണകേന്ദ്രത്തിൽ മരണകൊടുക്കുന്ന ബുധൻ, ശനി ആഴ്ചകളിലാണു് ഉപദ്രവം കൂടുതൽ.

കൊച്ചി,
ഏ. 4 (സ്വ ലേ)

തിരുവനന്തപുരം വിമാനത്താവളത്തിലെ റൺവേ ശക്തിപ്പെടുത്തുന്നു

9 താവളങ്ങളും പരിഷ്കരിക്കാൻ 8 കോടി ക.

ന്യൂഡൽഹി, ഏ. 5

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ ഒമ്പതു് വിമാനത്താവളങ്ങളിലെ റൺവേകളും ശക്തിപ്പെടുത്തുന്നതും വിപുലീകരിക്കുന്നതും ഇന്ത്യൻ എയർലൈൻസ് കോർപ്പറേഷനുവേണ്ടി ഇൻഡോറിൽ പുതുതായി ഒരു റൺവേ നിർമ്മിക്കുന്നതും സംബന്ധിച്ച പണികളും പുരോഗമിച്ചുവരുന്നു.

കേന്ദ്ര മരാമത്തു്-ഭവനനിർമ്മാണ വകുപ്പു് ഏറ്റെടുത്തു നടത്തിവരുന്ന ഈ പദ്ധതികൾക്കു് 778.29 ലക്ഷം ക. ചെലവുവരുമെന്നു് പ്രതീക്ഷിക്കുന്നു.

ബോംബെയിലെ സാന്താക്രൂസ് വിമാനത്താവളത്തിലെ റൺവേ വിപുലീകരിക്കുന്നതിനു് 468.27 ലക്ഷം ക. യും കൽക്കത്തയിലെ ഡംഡും വിമാനത്താവളത്തിലെ റൺവേകളും ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി 184.24 ലക്ഷം ക. യോളം ചെലവഴിക്കേണ്ടിവന്നേക്കും.

ഇൻഡോറിൽ പുതുതായി നിർമ്മിക്കുന്ന റൺവേയ്ക്കു് 23.84 ലക്ഷം ക. ചെലവാകുമെന്നു് കണക്കാക്കപ്പെടുന്നു.

—

കോൺഗ്രസ്സിൽ ശുദ്ധികലശം

[സ്വ. ലേ] തിരുവനന്തപുരം ഏ. 4

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാനാർത്ഥികൾക്കെതിരായി പ്രവർത്തിച്ചകാരണത്താൽശ്രീമാന്മാർസി.ആർ. ദാസ്, ലക്ഷ്മണൻകാണി (ആര്യനാടു്) ഡേവിഡ് (ശ്രീകാര്യം) വിൽസ്ബറി. സായ്യ (തിരുമല) എൽ. മൈക്കിൾ (കല്ലുമ്മൽ) ജെ. പിറാർ(ആര്യനാടു്) അഡ്വക്കേറ്റ് പി. ജെ. ഡിക്കോസ്റ്റാ എന്നിവരെ പാർട്ടിയിൽനിന്നും സസ്പെൻഡ് ചെയ്തിരിക്കുന്നു. പാർട്ടിയിൽനിന്നും പൂറത്തുള്ളവരിൽക്കൂടി തുഴകൊണ്ടു് തുഴഞ്ഞോ, പയ്കെട്ടി കാറാണ്ടു് കാടിയ്യോ വേഗത്തിൽ സഞ്ചരിക്കാവുന്നതാണു്. കായികാഭ്യാസികളും മത്സ്യം പിടിത്തക്കാരും ഇതുകൊണ്ടു് അവരുടെ പ്രവർത്തനം ലഘുവാക്കിയിട്ടുണ്ടു്. ഇതു ധാരാളം ഉപയോഗപ്പെടുത്തുമെന്നാണു് ഇതു് കണ്ടുപിടിച്ച ശില്പിയുടെ പ്രതീക്ഷ.

.... [യു.പി.എസ്.]

അന്താരാഷ്ട്രീയ മണ്ണുശാസ്ത്രജ്ഞന്മാരുടെ സമ്മേളനം

ഡൽഹിയിൽ ആരംഭിച്ചു

ന്യൂഡൽഹി ഏപ്രിൽ 5

മണ്ണുശാസ്ത്രം സംബന്ധിച്ച ഭക്ഷ്യ കാർഷിക സംഘടനയുടെയും യുണസ്കോയുടെയും സംയുക്ത പാനൽ ഇന്നു് ഇവിടെ യോഗം കൂടിയിരിക്കുന്നു. നാളെയും യോഗം തുടർന്നു് ചേരുന്നതായിരിക്കും. കൃഷിവകുപ്പു് ഡെപ്യൂട്ടി മന്ത്രി ശ്രീ ഷാനവാസ്ഖാൻ യോഗം ഉൽഘാടനം ചെയ്തു.

അന്താരാഷ്ട്രീയ മണ്ണുശാസ്ത്രജ്ഞന്മാരുടെ പാനൽ ഇന്ത്യയിൽ യോഗം ചേരുന്നതു് ഇതു് ആദ്യത്തെ തവണയാണു്. ലോകത്തിലെ വിവിധ രാജ്യങ്ങളിലെ മണ്ണിനെ സംബന്ധിച്ച ഒരു പഠനം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തിയുടെ പുരോഗതി പാനൽ വിലയിരുത്തും.

ഡൽഹിയിലെ യോഗത്തിനുശേഷം, ഇന്ത്യയിലെ മണ്ണുമായും ഇന്ത്യൻ മണ്ണുശാസ്ത്രജ്ഞന്മാർ നടത്തിയിട്ടുള്ള ശാസ്ത്രീയ ഗവേഷണവുമായും പരിജയപ്പെടുന്നതിനു് പാനലിലെ അംഗങ്ങൾ ഡൊഡുൺ, നാഗപൂർ, ബാംഗ്ളൂർ, മൈസൂർ, കൂർഗ്, കൽക്കത്ത എന്നി സ്ഥലങ്ങളും സന്ദർശിക്കുന്നതായിരിക്കും.

പ്രധാന മണ്ണു സർവ്വേ ആഫീസറും മണ്ണിനെപ്പറ്റിയുള്ള ഭൂപടം തയ്യാറാക്കുന്നതും സംബന്ധിച്ച ഉപദേശക സമിതിയിലെ അംഗവുമായ ഡോ: എസ്. വി. ഗോവിന്ദരാജനാണു് ഇന്ത്യയിലെ പ്രതിനിധീകരിച്ചു് യോഗത്തിൽ പങ്കെടുക്കുക

—

കേന്ദ്ര നടപടിയിൽ പ്രതിഷേധം

തൃശ്ശൂർ ഏ. 5

ഒരു ജനാധിപത്യ ഗവണ്മെന്റ് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകളുണ്ടായിട്ടും, അവ ഫലപ്രദമായി കൈകാര്യം ചെയ്യാതെ, കേരളത്തിലെ ജനങ്ങളുടെ മേൽ വീണ്ടും പ്രസിഡണ്ടുഭരണം അടിച്ചേല്പിച്ച കേന്ദ്ര കോൺഗ്രസ്സ് ഗവണ്മെന്റിന്റെ നടപടിയിൽ ശക്തിയായി പ്രതിഷേധം രേഖപ്പെടുത്തുന്ന ഒരു പ്രമേയം സി. കെ. പരമേശ്വരന്റെ അദ്ധ്യക്ഷതയിൽ ഇന്നലെ ഇവിടെ കൂടിയ ബൈബന്റ് ട്യൂട്ടോറിയൽ കോളേജിൽ വെച്ചു് കൂടിയ തൃശ്ശൂർ ജില്ലാ എസ്. എസ്. പി. പ്രവർത്തകസമ്മേളനം അംഗീകരിച്ചിരിക്കുന്നു.

തിരഞ്ഞെടുപ്പു് സംബന്ധിച്ച പ്രവർത്തനങ്ങളേയും അതിനുശേഷമുണ്ടായിട്ടുള്ള സ്ഥിതിഗതികളേയും വിശകലനം ചെയ്തുകൊണ്ടു് ജില്ലാ സിക്രട്ടറി വി. അച്ചിശേശ്വരൻ യോഗത്തിൽ സുദീർഘമായ ഒരു പ്രസംഗംചെയ്തു. തുടർന്നുനടന്ന ചർച്ചകളിൽ അഡ്വ: എ. എസ്. ദിവാകരൻ, ടി. കെ. ഹംസ, എ. ആർ. വാരിത്, വി. കെ. ഗോപിനാഥൻ, വി. കെ. ഷെയ്ഖ്ഫൈസൽ, കെ. പി. മേനോൻ, പി. എം. വേലായുധൻ, കെ. കെ. മോഹൻദാസ് മുതലായ പ്രതിനിധികൾ സജീവമായി പങ്കെടുത്തിരുന്നു.

പാർട്ടിയുടെ സംഘടനാപ്രവർത്തനങ്ങളെ ബാധിക്കുന്ന ചില പ്രമേയങ്ങൾ യോഗം ഐകകണ്ഠ്യേന അംഗീകരിക്കുകയും അവ സ്റ്റേറ്റ് കമ്മിറ്റിക്ക് അയച്ചുകൊടുക്കണമെന്നും തീരുമാനിക്കുകയും ചെയ്തു.

കൊടുങ്ങല്ലൂരിലെ ഒരു പാർട്ടി മെമ്പറായിരുന്ന പി. കെ. കൌസല്യയുടേയും ചാലക്കുടിയിലെ ഒരു പ്രവർത്തകനായിരുന്ന സി. പി. അന്തപ്പായിയുടേയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തികൊണ്ടാണു് യോഗനടപടിക ളാരംഭിച്ചതു്.

....

അദ്ധ്യാപകക്കു് 1.48 ലക്ഷം ക. യുടെ ധനസഹായം

ന്യൂഡൽഹി, ഏ. 5

സർവ്വകലാശാലകളിലും കോളേജുകളിലും വിവിധ ശാസ്ത്രീയ-സാങ്കേതിക വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനു് സർവ്വകലാശാലാ ധനസഹായക്കമ്മീഷൻ 154 അദ്ധ്യാപകക്കു് 1.48 ലക്ഷം ക. ധനസഹായം അനുവദിച്ചിരിക്കുന്നു. 1965-66ൽ ഈ ഇനത്തിൽ അനുവദിക്കപ്പെടുന്ന ആദ്യത്തെ ധനസഹായമാണിതു്.

—o—

"പാക്കിസ്ഥാൻ ജ്യോഗ്രാഫിക്കൽ റവ്യു"

1964 ജൂലൈ ലക്കം കണ്ടുകെട്ടി

ന്യൂഡൽഹി, ഏ. 5

"പാക്കിസ്ഥാൻ ജ്യോഗ്രാഫിക്കൽ റിവ്യു" എന്ന പ്രസിദ്ധീകരണത്തിലെ 1964 ജൂലൈ മാസത്തെ ലക്കം ഇന്ത്യാ ഗവണ്മെന്റ് രാജ്യരക്ഷാചട്ടങ്ങൾ അനുസരിച്ചു് കണ്ടുകെട്ടിയിരിക്കുന്നു.

....o....

എറണാകുളം വാർത്തകൾ

[സ്വ ലേ] ഏപ്രിൽ 4

തിരുവനന്തപുരം, ആലപ്പുഴ എന്നീ കേന്ദ്രങ്ങളിലെ എൻ. സി. സി. കേഡറുകളുടെ വാഷികക്യാമ്പു് ഏപ്രിൽ 5 മുതൽ 14 വരെ എറണാകുളം ഗവ: ഗേൾസ് ഹൈസ്കൂളിൽവച്ചു് നടത്തപ്പെടുന്നതാണു്. ഏകദേശം 900 കേഡറുകളും, 18 ഓഫീസർമാരും പ്രസ്തുത ക്യാമ്പിൽ സംബന്ധിക്കും.

മത്സ്യത്തൊഴിലാളിസംഘങ്ങൾക്കു് ധനസഹായം

വൈപ്പിൻ വികസന ബ്ലോക്കിലെ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്കു് യന്ത്രവൽകൃതബോട്ടുകൾ നിർമ്മിക്കുന്നതിനും ധനസഹായം നല്കുവാൻ വേണ്ടി 20,000 ഒരു പദ്ധതിക്കു് ജില്ലാ കളക്ടർ അനുമതി നല്കിയിരിക്കുന്നു.

ഭവനനിർമ്മാണശാല

ഇൻഡ്യൻ അലുമിനിയം കമ്പനിയിലെ ഒരു ക്ലാർക്കായ ശ്രീ. ഫിലിപ്പ് മാത്യുവിനു് ആലുവാ വില്ലേജിൽ ഒരു വീടു് നിർമ്മിക്കുന്നതിനു് 7,000 രൂപ വായ്പ വിടിച്ചുകൊണ്ടു് ജില്ലാകളക്ടർ ഉത്തരവു് പുറപ്പെടുവിച്ചിരിക്കുന്നു.

പച്ചക്കറിവിത്തുകടം

കോട്ടയം ഡി. എസ്. എസ്. ഏ. ബേക്കറി സെക്രട്ടറി ഏപ്രിൽ 7-ാംതീ എറണാകുളം ടി. ബി. യിലോ, ബോട്ട് ജട്ടിക്ക സമീപമുള്ള മാരുതി ഹോട്ടലിലോ ക്യാമ്പുചെയ്തു് പച്ചക്കറി തോട്ടങ്ങൾ പരിക്കുന്നവർക്കു് വിത്തും വളവും പണിയായുധങ്ങളും ജലസൗകര്യങ്ങളുടെ കുടുംബങ്ങൾക്കും യഥാർത്ഥി തൃതിയടത്തവരുടെ ആശ്രിതർക്കും വിലക്കുടേതാക്കും സൗജന്യമായി നൽകുന്നതാണു്.

വിഷവൈദ്യശാലയ്ക്കു് ധനസഹായം

പിറവത്തുള്ള വിഷവൈദ്യശാലയ്ക്കു് പാമ്പാക്കുട ബ്ലോക്കു് ഫണ്ടിൽനിന്നും 100 രൂപ സഹായധനമായി നൽകുന്നതിനു് ബി. ഡി. ക. അനുമതി നൽകിയിരിക്കുന്നു.

സ്പ്രിംഗ്ഷീറും വിതരണം

ഉപഭോക്താക്കൾക്കു് വിതരണംചെയ്യാൻവേണ്ടി സ്പ്രിംഗ്ഷീറും ഫ്ലോട്ടും വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ പക്കൽ സ്റ്റോക്കുണ്ടെന്നും താല്പര്യമുള്ളവർ ഉടനെതന്നെ ജില്ലാവ്യവസായ കാഫീ സർച്ചമ അപേക്ഷിക്കേണ്ടതാണെന്നും ജില്ലാവ്യവസായ കാഫീസിൽനിന്നു പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിൽ പറയുന്നു.

....o....

ആലപ്പുഴ വാർത്തകൾ

സ്വ. ലേ ആലപ്പുഴ ഏ. 4

എ സ്സ്. എൽ. പുരത്ത് പുതുതായി ആരംഭിച്ചിട്ടുള്ള ടെലിഫോൺ എക്സ്ചേഞ്ചിന്റെ ഉൽഘാടനം കഴിഞ്ഞദിവസം കേരളസർക്കിൽ പോസ്റ്റ് ആൻഡ് ടെലിഗ്രാഫ് ഡയറക്ടർ ശ്രീ മഹാദേവയ്യർ നിർവ്വഹിച്ചിരിക്കുന്നു. മരാരിക്കുളം പഞ്ചായത്തു പ്രസിഡണ്ടു് ശ്രീ തോമാസ് അധ്യക്ഷത്തിലുമായി ഫോൺമുഖേന സംഭാഷണം നടത്തിയിട്ടാണു് എക്സ്ചേഞ്ചിന്റെ ഔപചാരികമായ ഉൽഘാടനകർമ്മം അദ്ദേഹം നിർവ്വഹിച്ചതു്. ഇതു സംബന്ധിച്ചു് ശ്രീ തോമാസ് അധ്യക്ഷത്തിൽ ചേർന്ന യോഗത്തിൽ മാരായിക്കുളം തെക്കു പഞ്ചായത്തു പ്രസിഡണ്ടു് ശ്രീ. സി. ഡി. മൈക്കിൾ, ശ്രീ. ചാലക്കൽ ശിവരാമക്കുറുപ്പ് എന്നിവർ പ്രസംഗിച്ചു.

ഓഡിറ്റോറിയത്തിൽ ഹാളിൽവെച്ചു 19-ാം തിയതി മുതൽ 21-ാം തിയതി വരെ ഫാഷിപ്പാട്ട് ടൌൺ ഹാളിൽവെച്ചും മാധുരിവിദ്യാലയം ഓഫീസിലുള്ള മാരുതിയാതികളിൽ ആലപ്പുഴ ഡിസ്ട്രിക്ട് ടൈപ്പുസ്റ്റാൻ കോടതിയിൽ വെച്ചും ഹാജർകാം സ്വീകരിക്കുന്നതും വിചാരണ ചെയ്യുന്നതുമായിരിക്കും.

വയലക്ഷ്മി കണിച്ചുകുളങ്ങരയിൽ

ദേശീയ സാദ്ധ്യപദ്ധതി കേന്ദ്രഉപദേശകസമിതി സെക്രട്ടറി ഡോ. വിജയലക്ഷ്മി ഏപ്രിൽ 6-ാം തീയതി വൈകുന്നേരം 6 മണിക്കു് കണിച്ചുകുളങ്ങരയിൽ എത്തുന്നതായിരിക്കുമെന്നു് ജില്ലാ നാഷനൽ സേവിംഗ്സ് കോഡിനേറ്റർ അറിയിക്കുന്നു. കണിച്ചുകുളങ്ങരയിൽ ബി. എസ്. എസ്. സേവകരുടെ യോഗം കൂടുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ഡോക്ടർ കൊല്ലുമുതൽ കഴിഞ്ഞകൊല്ലത്തെ ദേശീയ സമ്പാദ്യപദ്ധതി പ്രവർത്തനങ്ങൾക്കായി നല്ലനിലയിൽ നടന്നവരുന്ന ദേശീയ സമ്പാദ്യപദ്ധതി പ്രവർത്തനങ്ങൾക്കായിച്ചു തൊഴിച്ചു പഠനം നടത്തുന്നതിനായി അവർ വരുന്നതു് വീട്ടമ്മ തോറും ഇടങ്ങിപ്പിടികളിൽ നിക്ഷേപങ്ങളാരംഭിച്ച 98 വിദ്യാർത്ഥികളാണു്. ഇപ്പോൾ ഈ പദ്ധതിയിൽ ഉള്ളതു്. ചേർത്തിപ്പിടിയിലെ നിക്ഷേപങ്ങൾ പോസ്റ്റാഫീസ് സേവിംഗ്സ് അക്കൌണ്ടുകളായി മാറ്റിക്കഴിഞ്ഞു. ഇപ്പോൾ അവയിലെല്ലാംകൂടി ഏതാണ്ടു് തൊള്ളായിരത്തോളം രൂപ നിക്ഷേപമായുണ്ടു്. ഏപ്രിൽ 7-ാം തീയതി സ്ഥലത്തെത്തുന്ന ഡോക്ടർ വിജയലക്ഷ്മിക്ക സൌകര്യമായ ഒരു സ്വീകരണം നൽകുന്നതിനു് ശ്രീ വി. നടേശൻ വൈദ്യരുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ നടന്നുവരുന്നു.

ഡെപ്യൂട്ടിതാസിൽദാർമാർ

തിരഞ്ഞെടുപ്പു് സംബന്ധമായ ജോലികൾക്കുവേണ്ടി ജില്ലയിലെ താലൂക്കാഫീസുകളിൽ നിയമിക്കപ്പെട്ടിരുന്ന സ്പെഷ്യൽ ഡെപ്യൂട്ടിതാസിൽദാർമാരുടെ താത്കാലികം മാർച്ച് 31-ാം തീയതിയോടുകൂടി നിർത്തലാക്കപ്പെട്ടതിനെ തുടർന്നു താഴപ്പറയുന്ന ഡെപ്യൂട്ടിതാസിൽദാർമാരെ സ്ഥലംമാറ്റി നിയമിച്ചുകൊണ്ടു് ജില്ലാ കലക്ടർ ഉത്തരവിട്ടിരിക്കുന്നു.

ചാക്കോള ട്രോഫി

പട്ടാളം പഞ്ചാബിനെ പരാജയപ്പെടുത്തി

(സ്വ പ്ര) തൃശ്ശൂർ, ഏ 5

തൃശ്ശൂർ പാലസ് സ്റ്റേഡിയത്തിൽ നടന്നുവരുന്ന ചാക്കോള ഗോൾഡ് ട്രോഫി ഫുട്ബോൾമത്സരത്തിന്റെ 25-ാംദിവസമായ ഇന്ന് പഞ്ചാബ് പോലീസും ഇ. എം. ഇ. സെൻറർ സെക്കന്തരബാദും തമ്മിൽ നടന്ന 4-ാം ക്വാർട്ടർ ഫൈനൽസിൽ മറുപടിയില്ലാത്ത രണ്ടു ഗോളുകൾ നേടിക്കൊണ്ട് ഇ. എം. ഇ. വിജയിച്ചിരിക്കുന്നു.

കളി തുടങ്ങി, രണ്ടാംമിനിട്ടിൽ തന്നെ ഇ. എം. ഇ. യുടെ സെൻറർ ഫോർവേർഡ് ബിർ ബഹദൂർ സമർത്ഥമായടിച്ചപന്തു നഷ്ടപ്പെട്ടു. തുടർന്ന് ഇ. എം. ഇ. യുടെമുൻനിരക്കാർ പരസ്പരധാരണയോടെ പഞ്ചാബ് പോസ്റ്റിനെ ലക്ഷ്യമാക്കി നന്നായി മുന്നേറുവാൻ തുടങ്ങി. കളിയുടെ അധികസമയവും പന്ത് ഇ. എം. ഇ. യുടെ മുൻനിരക്കാരുടെ കാലിൽ തന്നെയായിരുന്നു.

4-ാമത്തെ മിനിററിൽ പഞ്ചാബിന്റെ സെൻറർ ഫോർവേഡ് സൂർജിത് പന്തുമായി മുന്നേറി, ലെഫ്ററൗട്ട് നാസ്സറിന് കൊടുത്തു. നാസ്സർ ഇ. എം. ഇ. യുടെ പ്രശസ്ത താരമായ റൈററ ബാക്ക ത്രിലോക്സിംഗുമായി കൂട്ടിമുട്ടിയപ്പോൾ അതൊരു കോർണറായി. പഞ്ചാബിന്റെ സ്വരൺസിംഗ് അതു നന്നായടിച്ചു. പക്ഷെ ഒന്നും സംഭവിച്ചില്ല. 6-ാമത്തെ മിനിററിൽ പഞ്ചാബിന്റെ കാപ്ററൻ സിംഗാരസിങ്ങിനും ഒരു നല്ല ചാൻസ് നഷ്ടപ്പെട്ടു. അടുത്ത ക്ഷണത്തിൽതന്നെ പന്ത് പഞ്ചാബിന്റെ പോസ്റ്റിലേക്കെത്തി. ഇ. എം. ഇ. യുടെ റൈററ്ഔട്ട് ശ്രീനിവാസൻ അളന്നുമുറിച്ച് ക്രോസ്ചെയ്തു. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ ആ ചാൻസ് നഷ്ടപ്പെട്ടു. പിന്നേയും പന്ത് പഞ്ചാബിന്റെ പോസ്റ്റിൽതന്നെ തത്തിക്കളിക്കാൻതുടങ്ങി. 8-ാമത്തെ മിനിട്ടിൽ ശ്രീനിവാസൻവീണ്ടുംക്രോസ്ചെയ്തു. എങ്ങനെയോ പോസ്റ്റിനുനടുവിലെത്തി പന്തുപിടിച്ച് നന്നായിഅടിച്ചു. കാണികൾ ഹാർഡ്ലക്ക് എന്ന്മന്ത്രിച്ചു. 12-ാമത്തെ മിനിറ്റിൽ പന്ത് ഇ. എം. ഇ യുടെ പോസ്റ്റിലേക്കുതിരിഞ്ഞു. നിർജിത്തു, സുർജിത്തും നാസ്സറും പന്ത് അന്യോന്യംകൈമാറി, സിംഗാരസിങ്ങിന് കിട്ടി. നന്നായടിച്ച പക്ഷെവിൻസർറ് പോൾ ആ പന്ത് രക്ഷിച്ചു. അവിടെ പഞ്ചാബിനു ഒരു കോണർകിക്കു കിട്ടിയെന്നുമാത്രം. തുടർന്നു 13-ാംമിനിറ്റിലുംമറ്റൊരുകോർണർകിക്കുകിട്ടി. എന്നാൽ പഞ്ചാബിന്റെ മുൻനിരക്കാർക്കു ഉപയോഗപ്പെടുത്താൻ സാധിച്ചില്ല. വീണ്ടും പന്ത് പഞ്ചാബിന്റെ പോസ്റ്റിലേക്കു കയറി. വില്ല്യമും ബിർബഹദൂറും അന്യോന്യം പന്തു കൊടുത്തുകൊണ്ട് പഞ്ചാബിന്റെ പിൻനിരക്കാരെ അമ്പരപ്പിക്കാൻ തുടങ്ങി. 21-ാമത്തെ മിനിററിൽ നല്ലൊരു ചാൻസുകൂടി ബഹദൂറിനു കിട്ടി. പന്ത് ബാറിൽ തട്ടി രക്ഷപ്പെട്ടു. പിന്നെ കളി നടന്നതു ഇ. എം. ഇ.യുടെ പോസ്റ്റിലായിരുന്നു. കാര്യമായില്ല, ആകാംക്ഷയുള്ള സന്ദർഭങ്ങളൊന്നും അവിടെ ഉണ്ടായിക്കണ്ടില്ല. പടക്കുതിരകളെപോലെ പാഞ്ഞിരുന്ന പഞ്ചാബിന്റെ സൂർജിത്തും നാസ്സറും കൂട്ടരും നന്നെ വിഷമിച്ചു. ഇ. എം. ഇ.യുടെ ത്രിലോകസിങ്ങിന്റെ മുമ്പിൽ അവർ മുട്ടുമടക്കേണ്ട സന്ദർഭങ്ങളാണധികവുമുണ്ടായതു്. 24-ാമത്തെ മിനിറ്റിൽ കോരിത്തരിപ്പിക്കുമാറുള്ള നല്ലകളികളാണ് ഇ. എം.ഇ യുടെ മുൻനിരക്കാർ പഞ്ചാബ് പോസ്റ്റിൽ കളിച്ചിരുന്നതു്. ആകളിയങ്ങനെ നടന്നുകൊണ്ടിരിക്കെ 25-ാമത്തെ മിനിറ്റിൽ ഇ. എം. ഇ. യുടെ സെൻറർഫോർവേഡ് ബഹദൂർ ക്രോസ്ചെയ്തു കൊടുത്തപന്ത് അവരുടെ ലെഫ്ററൗട്ട് ഫ്രാൻസിസ്ഒന്നാന്തരമൊരുഗൺഷോർട്ട് നല്ലി,പന്തുവലയിൽകടുങ്ങി. അങ്ങനെ ഒന്നാമത്തെ ഗോൾനേടി. പഞ്ചാബിനുഗോൾകിട്ടിയതോടെ അവർ വാശിയോടെ പൊരുതാൻതുടങ്ങി. പന്ത് അടിക്കടി ഇരു പോസ്റ്റുകളിലേക്കും മാറിമാറികൊണ്ടിരുന്നു. ഓരോനിമിഷവും എന്തും സംഭവിക്കാവുന്നമട്ടായിതുടങ്ങി. കാണികൾ ആകാംക്ഷയോടെപൊരുതിരുന്നുതുടങ്ങി. 31-ാമത്തെമിനിറ്റിൽ പഞ്ചാബിന്റെ ലെഫ്ററൗട്ട് നാസ്സർസിങ്ങിനു ഒരു നല്ലചാൻസു കിട്ടി. പക്ഷെ ഇ. എം. ഇ. യുടെ പ്രസിദ്ധനായ ചെറിയാൻ ആ പന്തു എങ്ങനെയോ രക്ഷപ്പെടുത്തി. 33-ാമത്തെ മിനിററിൽ ഇ. എം. ഇ. ക്കു ഒരു കോർണർലഭിച്ചു. അളന്നുമുറിച്ച അടിയായിരുന്നു. ഒന്നും സംഭവിച്ചില്ല. ഉത്തരക്ഷണത്തിൽതന്നെ പന്തു ഇ. എം. ഇ യുടെ പോസ്റ്റിലെത്തി. സുർജിത്ത്. ദിൽബഗ്സിങ്ങിനുകൊടുത്തു് ആ ചാൻസും നഷ്ടപ്പെട്ടു. അങ്ങനെ ഒന്നാംപകുതി ഇ. എം. ഇ. ഒരു ഗോളിനു ലീഡ്ചെയ്തു കൊണ്ടവസാനിച്ചു.

രണ്ടാംപകുതി തുടങ്ങി, രണ്ടാമത്തെ മിനിററിൽ പന്ത് ഇ. എം. ഇ. യുടെ പോസ്റ്റിലെത്തി പഞ്ചാബിന്റെ റൈറ്റ്ഔട്ട് നിർജ്ജിത്തിനു പന്ത് കോർണറിൽനിന്നു വന്നവേഗത്തിൽതന്നെ ക്രോസ് ചെയ്യാൻ കഴിയാതെ വന്നപ്പോൾ ഇ. എം. ഇ. യുടെ ലെഫ്ററ് ബാക്ക വിൻസൻറിനെ മന:പൂർവ്വം തള്ളി, ഫൌളായി. പിന്നെ പന്തു പഞ്ചാബിന്റെ പോസ്റ്റിലേക്ക പാഞ്ഞു. കുറെ നേരം അവിടെതന്നെകിടന്നുകളിച്ചു. ഇ. എം. ഇ. ക്കാർ പഞ്ചാബിന്റെ പിൻനിരക്കാരെ പന്ത് തൊടുവിക്കാതെ കളിക്കാൻ തുടങ്ങി. സിങ്ങുകൾക്ക അരിശംവന്നുതുടങ്ങി. കളി രസകരമായി തുടങ്ങി. എട്ടാമത്തെ മിനിററിൽ ഇ. എം. ഇ. യുടെ ലെഫ്ററൗട്ട് ഫ്റാൻസീസ് ഒരു പന്തു പോസ്റ്റിലേക്കുതന്നെ ക്രോസുചെയ്തു. പക്ഷെ ആ പന്ത് പോസ്റ്റിൽ തട്ടി രക്ഷപ്പെട്ടു. 12-ാമത്തെ മിനിററിൽ റൈററൗട്ട്ഫ്റാസിസിനും നല്ലൊരു ചാൻസു കിട്ടി തുടർന്ന് മറെറാരു ചാൻസുകൂടി ഫ്റാസസ് നഷ്ടപ്പെടുത്തി. 15-ാമത്തെ മിററിൽ ഇ. എം. ഇം. യുടെ റൈറ്റ്ഔട്ട് ശ്രീനിവാസൻ ക്രോസ്ചെയ്തുകൊടുത്ത പന്തു ബഹദൂർ നഷ്ടപ്പെടുത്തി. റൈററഇൻ വില്ല്യമും ബഹദൂറും മാറിമാറി പഞ്ചാബിന്റെ പോസ്റ്റിൽ അടിച്ചുതകർത്തുകൊണ്ടിരുന്നു. പലതും ജസ്റ്റ്കാവറായി, പലതും ഭീമാകാരനായ ഗോളി ചരൺജിത്ത്സിങ്ങു രക്ഷപ്പെടുത്തി. 20-ാമത്തെ മിനിററിൽ വില്ല്യം മറെറാരു സുവർണ്ണാവസരം നഷ്ടപ്പെടുത്തി.

പഞ്ചാബ് പോലീസുകാർ ആകെ വിയർത്തു്, പകച്ചവരായി കാണപ്പെട്ടു. വീണ്ടും ദൃഢചിത്തരായി കളിക്കാൻ പഞ്ചാബുകാർ പരിശ്രമിച്ചുതുടങ്ങി. ഇ. എം. ഇ. യുടെ പോസ്റ്റിലേക്ക ചില മുന്നേററങ്ങൾ വന്നുതുടങ്ങി. ഇ. എം. ഇ.യുടെ പോസ്റ്റിൽ ഒരു കൂട്ടതല്ലിനുള്ള ഒരുക്കത്തോടെ ഏതാണ്ട് 10 പേരും കയറിനിന്ന് കളിക്കാൻ തുടങ്ങി. പക്ഷെ ഉദ്ദേശിച്ച ഫലമൊന്നുമുണ്ടായില്ല. അല്പസമയത്തിനുള്ളിൽ പന്ത് പഞ്ചാബിന്റെ പോസ്റ്റിലേക്ക തന്നെ തള്ളിക്കയറി.

27-ാമത്തെ മിനിററിൽ പഞ്ചാബിന്റെ പോസ്റ്റ് വീണ്ടും അപകട മേഖല സൃഷ്ടിച്ചുതുടങ്ങി. വില്ല്യമും ബഹദൂറും കോരിത്തരിപ്പിക്കുന്ന രംഗങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. സിങ്ങുകളും കൂട്ടാക്കിയില്ല. ഒരു പൊരിഞ്ഞ മത്സരംതന്നെ നടന്നു. ഒന്നും സംഭവിച്ചില്ല. വീണ്ടും പന്ത് ഇ. എം. ഇ. യുടെ പോസ്റ്റിലേക്ക് മാറി. ഇക്കുറി ഇ. എം. ഇ. യുടെ പോസ്റ്റിലും ഒരു പന്ത് വീഴുമെന്ന മട്ടായി. പന്ത് പോയാലും പഞ്ചാബുകാർ ഇ. എം. ഇ. യുടെ പോസ്റ്റിൽ നിന്നു് മാറാതായി. ഇ. എം. ഇ. യുടെ പിൻനിരക്കാർ രക്ഷിച്ചുവിടുന്ന ഓരോ പന്തുകളും അപ്പോൾതന്നെ പഞ്ചാബിന്റെ സെൻറർബാക്ക് ഗുർചരൺസിങ്ങ് ഇ.എം. ഇ.യുടെ പോസ്റ്റിലേക്ക അടിച്ചുകയററിയിരുന്നു. എല്ലാവരും ഒന്നു പിടഞ്ഞ കളിച്ചുനോക്കി. രണ്ടുമൂന്ന മിനിററ് അങ്ങനെ പഞ്ചാബിനു മുന്നേറിനില്ക്കാൻ കഴിഞ്ഞു. ഇതിനിടക്ക അടുപ്പിച്ചു മൂന്നു കോർണർകിക്കുകൾ പഞ്ചാബിനുകിട്ടി, ഒന്നും നേടാൻ കഴിഞ്ഞില്ല.

32-ാമത്തെ മിനിററിൽ പന്തു പഞ്ചാബിന്റെ പോസ്റ്റിലേക്ക ബഹദൂർ സമർത്ഥമായി കൊണ്ടുപോയി. റൈററ്ഔട്ട് ശ്രീനിവാസനു കിട്ടി, ശ്രീനിവാസൻ ആ പന്ത് ക്രോസ്ചെയ്തു ലെഫ്ററ് ഇൻ ധനപാൽ സമർത്ഥമായടിച്ചു. 34-ാമത്തെ മിനിററിൽ അങ്ങനെ അവരുടെ രണ്ടാമത്തെ ഗോളും നേടി. അധികം താമസിയാതെതന്നെ ആ നീണ്ട വിസ്സിൽ കേട്ടു. ഇന്നത്തെക്കളിയിൽ ഇ. എം. ഇ. യുടെ ബഹദൂറും വില്ല്യമും ശ്രീനിവാസനും ഉയന്ന നിലവാരം പുലർത്തിയിരുന്നു. ആവേശകരമായ ഇന്നത്തെ കളികാണ്മാൻ വമ്പിച്ച ജനക്കൂട്ടംതന്നെയാണെത്തിയിരുന്നതു്.

ടീമുകൾ-പഞ്ചാബ് പോലീസ്: ചരൺജിത്ത്സിങ്ങ് (ഗോളി) ബാന്ത്സിങ്ങ്, ഗുരുചരൻസിങ്ങ്, സർവൻസിങ്ങ്, കിഷൻചന്ദ്, രാംദേവ്, നിർജിത്ത്സിങ്ങ്, ദിൽബാഗ്സിങ്ങ്, സർജിത്സിങ്ങ്, ഷിംഗാരസിങ്ങ്, നാസർസിങ്ങ്.

ഇ. എം. ഇ. സെൻറർ: ചെറിയാൻ (ഗോളി) ത്രിലോക്സിങ്ങ്, ദൊരൈസിംഗം, വിൻസൻറ്പോൾ, ഹുസ്സയിൻ, കരുണാകരൻ, ശ്രീനിവാസൻ, വില്യം ബാർബഹദൂർ, ധൻപോൾ, ഫ്രാൻസിസ്, റഫറി: റഹിം, മദിരാശി.

....

പ്രതിഷേധ ദിനാചരണം

ഇന്ന് തൃശ്ശൂരിൽ പ്രകടനവും പൊതുയോഗവും

(സ്വ പ്ര) തൃശ്ശൂർ, ഏ 5

പ്രസിഡണ്ടുഭരണം അടിച്ചേല്പിച്ചതിൽ പ്രതിഷേധിക്കുക, ഇടതുപക്ഷ കമ്മ്യൂ: തടവുകാരെ കോടതിയിൽ ഹാജരാക്കി വിചാരണചെയ്യുകയോ വിട്ടയക്കുകയോ ചെയ്യുക, രാജ്യരക്ഷാനിയമം അടിയന്തിരമായി പിൻവലിക്കുക എന്നീ ആവശ്യങ്ങൾക്കുവേണ്ടി ഏപ്രിൽ 6-ാംനു- കേരളമൊട്ടുക്കും പ്രതിഷേധദിനമായി ആചരിക്കാൻ എറണാകുളത്തു് ഈയ്യിടെചേന്ന ഐക്യകക്ഷി കൺവെൻഷൻ തീരുമാനിച്ചതനുസരിച്ച് നാളെ തൃശ്ശൂർ പടിഞ്ഞാറെ കോട്ടയിൽ ഒരു വമ്പിച്ച കരിങ്കൊടിപ്രകടനവും പൊതുയോഗവും നടത്താൻ തീരുമാനിച്ചിരിക്കുന്നു.

വൈകുന്നേരം ആറുമണിക്ക് തെക്കേ ഗോപുരനടയ്ക്കൽ നിന്ന് കരിങ്കൊടിപ്രകടനം ആരംഭിക്കുന്നതും പടിഞ്ഞാറെ കോട്ടയിൽ പൊതുയോഗസ്ഥലത്തു് എത്തിച്ചേരുന്നതുമാണ്.

വിവിധ കക്ഷിനേതാക്കളായ എൻ. കെ. ശേഷൻ, കെ. എസ്. നായർ, വർഗ്ഗീസ് മേച്ചേരി, വി. വി. രാഘവൻ എന്നിവർ യോഗത്തിൽ പ്രസംഗിക്കുന്നതായിരിക്കും.

[വിദ്യാർത്ഥികോൺഗ്രസും ലേബർകോൺഗ്രസും ആരോ നേരത്തെ ബുക്കചെയ്തു മൂലമാണ് യോഗം പടിഞ്ഞാറേകോട്ടയിലുള്ള ഗ്രൌണ്ടിലേക്ക് മാറേറണ്ടിവന്നതു്]

—

തൃശ്ശൂർ വാർത്തകൾ

[സ്വ ലേ] ഏപ്രിൽ 5

ലോകാരോഗ്യദിനം-വിദ്യാർത്ഥി കോൺഗ്രസിൽ പൊതുയോഗം

ലോകാരോഗ്യദിനാഘോഷ പരിപാടികളോടനുബന്ധിച്ച ഏപ്രിൽ 7-ാംനു- ബുധനാഴ്ച വൈകുന്നേരം ആറുമണിക്ക തൃശ്ശൂർ വിദ്യാർത്ഥി കോൺഗ്രസിൽ ഡാ: കെ. എം. പിഷാരടിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേരുന്നതാണ്. യോഗത്തിൽ അസിസ്റ്റൻറ് ഡി. എം. ഒ. ഡാ. എ. ജെ. തൊമ്മൻ, ഡാ. പി. മീനാക്ഷി എന്നിവർ പ്രസംഗിക്കും. തുടർന്ന് സെൻറ് മേരീസ് ഓർഫനേജ് അവതരിപ്പിക്കുന്ന ഗാനമേളയും പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ സിനിമാ പ്രദർശനവുമുണ്ടായിരിക്കും.

മദ്രസ്സയോഗം

സ്ഥലത്തെ നൂറൽ ഇസ്ലാം മദ്രസ്സ വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും ഒരു യോഗം ഇന്നലെ എ. എം. ഗനി സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. കെ. എം. അബ്ദുൾ റഹിമാൻ സ്വാഗതം പറഞ്ഞു. സാഹിത്യ സമാജത്തിന്റെയും വായനശാലയുടേയും ഔപചാരിക ഉൽഘാടനം ജ. ഹാജി അബുബക്കർ സാഹിബ് നിർവ്വഹിച്ചു. ജ. ഹാജി ടി. കെ. അബ്ദുൾഖാദർ മുസലിയാർ, പി. എച്ച്. സുലൈമാൻ, എം. എം. അബ്ദുൾലത്തീഫ്, കെ. എം. അബ്ദുൾറഹിമാൻ, പി. എച്ച് അബ്ദുൾഖാദർ എന്നിവർ പ്രസംഗിച്ചു. കെ. എ. അഹമ്മദ് കൃതജ്ഞതപറഞ്ഞു.

....

ബി. ഡി. സി. യോഗങ്ങൾ

തൃശ്ശൂർ ഏ: 5

ചൊവ്വന്നൂർ, ചേർപ്പ്, പുഴക്കൽ, കൊടകര, മല്ലശ്ശേരി, കല്ലൂക്കര, വടക്കാഞ്ചേരി എന്നീ ബ്ലോക്കു ഡവലപ്പ്മെൻറ് കമ്മിററികൾ യഥാക്രമം ഏപ്രിൽ 20, 21, 22, 23, 24, 26, 28 എന്നീ തീയതികളിൽ ഉച്ചതിരിഞ്ഞ മൂന്നുമണിക്ക് റെവന്യൂ ഡിവിഷനൽ ആഫീസർ ശ്രീ ടി. അച്യുതമേനോന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതാണ്.

തൊഴിൽ ക്ഷേമ പ്രവർത്തനങ്ങൾ

തൊഴിൽ ക്ഷേമ പ്രവർത്തനങ്ങൾക്കവേണ്ടി തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സാമ്പത്തികവർഷത്തെ 11 മാസത്തിൽ 3,09,662 രൂപാ ചിലവഴിച്ചിരിക്കുന്നു. അതിൽ 2,08,775 രൂപായും ക്രാഫ്ട്സ്മാൻട്രെയിനിങ്ങ്സ്കീമിനുവേണ്ടിയാണ് വിനിയോഗിച്ചതു്. 88,891 രൂപാ എംപ്ലോയീസ്സ് സ്റ്റെയിററ് ഇൻഷൂറൻസ് പദ്ധതിക്കും 6,842 രൂപാ തൊഴിൽപരമായ മാർഗ്ഗനിർദ്ദേശകപദ്ധതിക്കും 5,155 രൂപാ തൊഴിൽ സേവന സൗകര്യംകൂടുതൽ വ്യാപകമാക്കുന്നതിനുംവേണ്ടി ചിലവഴിക്കപ്പെട്ടു.

മുല്ലശ്ശേരി ബ്ലോക്കിൽ 13,84,282 രൂപാ ചിലവഴിക്കപ്പെട്ടു

ഏനാമ്മാവ്, ഏ. 5

മുല്ലശ്ശേരി വികസന ബ്ലോക്കിന്റെ ആദ്യഘട്ടത്തിൽ ആകെ 13,84, 282 രൂപാ ചിലവുചെയ്തിട്ടുള്ളതായി ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസരുടെ റിപ്പോർട്ടിൽ പറയുന്നു. അതിൽ 4,17,615 രൂപയും കഴിഞ്ഞ സാമ്പത്തികവർഷത്തിൽമാത്രമായി ചിലവഴിക്കപ്പെട്ടു ഇതിന്നു മുൻപുള്ള 4 വർഷങ്ങളിലായി 9,79,762 രൂപയാണ് ചിലവുചെയ്തതു്. ഇപ്പോൾ മുല്ലശ്ശേരിബ്ലോക്കിന്റെ ആദ്യഘട്ടം പൂർത്തിയായിരിക്കുകയാണ്.

ഇന്ത്യയിൽ റേഡിയോ ഉപയോഗിക്കുന്നവർ 45 ലക്ഷം പേരുണ്ടെന്ന്

33 റേഡിയോ നിലയങ്ങളും 14 ആക്സിലറി പ്രസരണകേന്ദ്രങ്ങളും 21 വിവിധ ഭാരതി കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു

ന്യൂഡെൽഹി, ഏപ്രിൽ 5

1964 ഡിസമ്പറോടെ ആൾ ഇന്ത്യാ റേഡിയോവിന്റെ കീഴിൽ 33 റേഡിയോ നിലയങ്ങളും 14 ആക്സിലറി പ്രസരണ കേന്ദ്രങ്ങളും 21 വിവിധ ഭാരതി കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് റിപ്പോർട്ടു ചെയ്യപ്പെടുന്നു.

1966 അന്ത്യത്തോടെ, ഇന്ത്യയിലെ ജനസംഖ്യയുടെ 75 ശതമാനവും ആൾ ഇന്ത്യാ റേഡിയോവിന്റെ പ്രസരണ പരിധിയിൽവരും.

ആൾ ഇന്ത്യാ റേഡിയോവിന്റെ വിദേശസർവ്വീസ് ഡിവിഷൻ 13 വിദേശഭാഷകൾ ഉൾപ്പെടെ 17 ഭാഷകളിൽ പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു.

ഇന്ത്യയിലെ ഗോത്രവർഗ്ഗക്കാർക്കുവേണ്ടി ആൾ ഇന്ത്യാ റേഡിയോ 82 ഗോത്രവർഗ്ഗഭാഷകളിൽ പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു.

ആൾ ഇന്ത്യാ റേഡിയോവിന്റെ മോണിട്ടറിംഗ് യൂണിററ് ദിവസത്തിൽ 11 ഭാഷകളിൽ, 50 മണിക്കൂറിലധികം വരുന്ന പ്രക്ഷേപണങ്ങൾ 'മോണിട്ടർ' ചെയ്യുന്നു.

ആൾ ഇന്ത്യാ റേഡിയോവിന്റെ കൂട്ടാകെയുള്ള പ്രസരണ സമയത്തിന്റെ ഏകദേശം പകുതിഭാഗവും സംഗീതത്തിനാണ് നീക്കിവെച്ചിട്ടുള്ളതു്,

ശ്രീ. നെഹ്റുവിന്റെ നിര്യാണത്തെ തുടർന്നുള്ള ദുഃഖാചരണഘട്ടത്തിൽ (1964 മേയ് 27 മുതൽ ജൂൺ 8 വരെ) 7000-ത്തിൽപരം പരിപാടികൾ പ്രക്ഷേപണം ചെയ്യപ്പെട്ടു.

ആൾ ഇന്ത്യാ റേഡിയോവിന്റെ കീഴിൽ ശ്രീ. ജവഹർലാലിന്റെ പ്രസംഗങ്ങളുടെയും മററും 3000-ത്തിലധികം റിക്കാർഡുകൾ ഉണ്ട്. ഇവയെല്ലാംകൂടി പ്രക്ഷേപണം ചെയ്യുന്നതിന് ഏകദേശം 800 മണിക്കൂറുകൾ വേണ്ടിവരും.

അവികസിത രാഷ്ട്രങ്ങളിൽ കൺസൾട്ടൻറുമാരായി ജോലിചെയ്യുന്നതിന് ആൾ ഇന്ത്യാ റേഡിയോ നിരവധി വിദഗ്ദ്ധന്മാരെ അയച്ചുകൊടുത്തിട്ടുണ്ട്.

ഇന്ന് രാജ്യത്തെ ആകെ റേഡിയോ ലൈസൻസുകളുടെ എണ്ണം 45 ലക്ഷത്തിൽ അധികംവരും.

ഏകദേശം ആറുകോടി ക.യാണ് ആൾ ഇന്ത്യാ റേഡിയോവിന്റെ വാർഷികബജററ്.

—

ലീഗിന്റെ പ്രതിഷേധം പതിനാറിന്ന്

(പി ടി ഐ) കോഴിക്കോട്, ഏ 5

കേരളത്തിൽ പ്രസിഡണ്ട്ഭരണം ഏർപ്പെടുത്തിയതു് നീതിക്കും, ജനാധിപത്യത്തിന്നും നിരക്കാത്ത ഒരു നടപടിയാണെന്ന് ഇന്നലെ ഇവിടെകൂടിയ കേരളസംസ്ഥാന മുസ്ലിംലീഗ് കൌൺസിൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഏപ്രിൽ പതിനാറിന്ന് ഒരു പ്രതിഷേധദിനം ആചരിക്കുവാൻ കൗൺസിൽ ലീഗ് ഘടകങ്ങളെ ആഹ്വാനം ചെയ്തു.

ഭവന നിർമ്മാണത്തിനു 2460 കോടിക

പി ടി ഐ ന്യൂഡൽഹി, ഏ. 5

നാലാം പദ്ധതിയുടെ ഘട്ടത്തിൽ പൊതു-സ്വകാര്യമേഖലകളിൽ ഭവനനിർമ്മാണത്തിന് 2460 കോടി ഉറപ്പിക്ക നീക്കിവെക്കുമെന്ന് സാമൂഹ്യവികസനംഡപ്യൂട്ടിമന്ത്രി ബി. എസ്. മൂർത്തിപ്രസ്താവിച്ചിരിക്കുന്നു. ഈ തുകകൊണ്ട് 57 ലക്ഷം വീടുകൾ നിർമ്മിക്കുവാൻ കഴിയുമെന്ന് ഇവിടെ നടന്ന ഒരു ഭവനനിർമ്മാണ ചർച്ചയിൽ പങ്കെടുത്തു് കൊണ്ടു് മന്ത്രി പറഞ്ഞു. 741 ലക്ഷം ഭവനങ്ങളുടെ കമ്മി നാലാംപദ്ധതിയുടെ ആരംഭത്തിൽ ഉണ്ടാകും. നഗരങ്ങളിൽ 114 ലക്ഷവും ഗ്രാമങ്ങളിൽ 741 ലക്ഷവുമാണിതു്.

—

ഗോവിന്ദനാരായണൻ എത്തി

(പി ടി ഐ) തിരു: ഏ. 5

കേരള ഗവർണ്ണരുടെ താല്ക്കാലിക ഉപദേഷ്ടാവായി നിയമിതനായിട്ടുള്ള ഗോവിന്ദനാരായണൻ ഡൽഹിയിൽനിന്ന് ഇന്ന കാലത്തു് ഇവിടെയെത്തി.

ഒരു ഉപദേഷ്ടാവിനെ സ്ഥിരമായി നിയമിക്കുന്നതുവരെ താൻ കേരളത്തിലുണ്ടായിരിക്കുമെന്ന് നാരായണൻ പത്രക്കാരോടു് പറഞ്ഞു.

—

അഡ്മിറൽ സോമൻ കൊച്ചിയിൽ

എറണാകുളം, ഏ. 4

നാവികസേനാ മേധാവി വൈസ് അഡ്മിറൽ ബി. എസ്. സോമൻ ഇന്ത്യൻ വ്യോമസേനയുടെ ഒരു വിമാനത്തിൽ ബോംബെയിൽനിന്ന് ഇന്നലെ ഉച്ചയ്ക്കുശേഷം ഇവിടെ എത്തി. മിസ്സിസ് സോമനും അദ്ദേഹത്തോടൊപ്പമുണ്ട്.

വിമാനത്താവളത്തിൽവെച്ച്, ഇന്ത്യൻ കപ്പൽപ്പടയുടെ ഫ്ളാഗ് ആപ്പീസർ റിയർ അഡ്മിറൽ ബി. എ. സാംസൺ, കൊച്ചിയിലെ കമ്മഡോർ ഇൻ-ചാർജ്ജ്, കമ്മഡോർ,ജി. എസ്. കപൂർ എന്നിവർ ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. തദവസരത്തിൽ വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നവരിൽ ഐ. എൻ. എസ്. വെണ്ടുരുത്തിയുടെ കമാണ്ടിംഗ് ആഫീസർ ക്യാപ്ററൻ എച്ച്. എ. മെനസിസ്, ഐ. എൻ. എസ്. സഞ്ജീവിനിയുടെ കമാണ്ടിംഗ് ആഫീസർ സർജ്ജൻ ക്യാപ്റ്റൻ എം. സി. നാഥ്, ഐ എൻ. എസ്. ഗരുഡയുടെ കമാണ്ടിംഗ് ആഫീസർ കമാണ്ടർ പി. ഐ. ടെല്ലിസ് എന്നിവർ ഉൾപ്പെടും.

നാവികസേനാ മേധാവി ഇന്ന് കോയമ്പത്തൂർക്ക് പോയി.

ഗ്രീസിൽ ഭൂമികുലുക്കം

വളരെപ്പേർ കൊല്ലപ്പെട്ടു

(റോയിട്ടർ) ഏതൻസ് ഏ. 5

തെക്കൻ ഗ്രീസിലെ മെഗാലൊ പോളീസ് ഭാഗത്തു് ഇന്ന് രാവിലെയുണ്ടായ ഒരു ഭൂമികുലുക്കത്തിന്റെ ഫലമായി 15 പേർ കൊല്ലപ്പെട്ടുവെന്നു ഗ്രീക്ക് ആഭ്യന്തര കാര്യാലയം പ്രസ്താവിച്ചു. 33 പേർക്ക് പരിക്ക് പററിയിട്ടുണ്ട്; 150 വീടുകൾ തകർന്നു.

പക്ഷെ സംഭവസ്ഥലത്തുനിന്നുള്ള റിപ്പോർട്ടുകളിൽ പറയുന്നതു് 30 പേർ കൊല്ലപ്പെട്ടുവെന്നും, 100 പേർക്ക് പരിക്ക് പററിയിട്ടുണ്ടെന്നുമാണ്. അഞ്ചോ പത്തോ ഗ്രാമങ്ങളിലുള്ള വീടുകൾ മുഴുവൻ നശിച്ചിട്ടുണ്ടെന്നും ഈ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

—

പരമവഞ്ചകനാണ് ഷെയ്ക്കെന്ന് പട്ടീൽ

[പി. ടി. ഐ] ഗയ, ഏപ്രിൽ 5

ഷെയിക്ക് അബ്ദുള്ളയുടെ പ്രവർത്തനങ്ങൾ വഞ്ചനാപരവും ദേശീയവിരുദ്ധവുമാണെന്ന് കേന്ദ്രറെയിൽവെ മന്ത്രി എസ്. കെ. പട്ടീൽ ഇവിടെ ഒരു കോൺഗ്രസ് പ്രവർത്തകരുടെ യോഗത്തിൽ പ്രസ്താവിച്ചു.

ചൌ എൻലായിയുമായി സമ്പർക്കത്തിൽ ഏർപ്പെടത്തക്കവിധം അത്രയും വഞ്ചകനാണ് ഷെയ്ക്കെന്ന് ഗവണ്മെണ്ടിന്ന് വിശ്വാസമുണ്ടായിരുന്നില്ലെന്ന അദ്ദേഹം പറഞ്ഞ

—

കെ. കൃഷ്ണമേനോൻ നിര്യാതനായി

(സ്വ പ്ര) തൃശ്ശൂർ, ഏ. 5

തൃശ്ശൂർ കാർഷികാദായനികുതി വില്പനനികുതിവകുപ്പിൽ ഇൻസ്പെക്ടറായിരുന്ന ശ്രീ കെ. കൃഷ്ണമേനോൻ (ചേർപ്പ്) രക്തസമ്മർദ്ദംമൂലം 54-ാമത്തെ വയസ്സിൽ തൃശ്ശൂർ സിവിൽ ആസ്പത്രിയിൽ വച്ച് ഇന്നലെ പുലർച്ചയ്ക്ക് നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം ഉദ്യോഗസ്ഥന്മാരുടേയും ബന്ധുക്കളുടേയും സാന്നിദ്ധ്യത്തിൽ ചെരുതുരുത്തി ഭാരതപ്പുഴയുടെ തീരത്തുവെച്ച് നിർവ്വഹിക്കപ്പെട്ടു.

....

എൻ. സി. സി. പരിശീലനക്യാമ്പ് ആരംഭിച്ചു

[സ്വ പ്ര] തൃശ്ശൂർ, ഏ. 5

എൻ. സി. സി. ജൂണിയർ ഡിവിഷന്റെ ഒരു വാർഷിക പരിശീലനക്യാമ്പ് രാമവർമ്മപുരം ഗവ. ട്രെയിനിങ്ങ് സ്കൂളിൽ 23-ാം കേരള ബററാലിയൻ കമാണ്ടൻറ് മേജർ കെ. കെ. മേനോന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നു. 22 കേരള ബററാലിയനിലെ 12 ഹൈസ്കൂളുകളിൽനിന്നും 527 കാഡററുകളും 12 ഓഫീസർമാരും ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്.

—

2000 ഏക്കർ ഇന്ത്യൻപ്രദേശം

ചീന പാകിസ്ഥാനു് തീറെഴുതിയെന്നു് സ്വരൻസിങ്ങ്

(പി. ടി. ഐ) ന്യൂഡെൽഹി, ഏ. 5

ചീനാ-പാക്ക അതിർത്തിക്കരാറനുസരിച്ച് കാശ്മീരിലുള്ള 2000 ഏക്കർ ഇന്ത്യൻപ്രദേശം പാക്കിസ്ഥാൻ ചീനയ്ക്കു വിട്ടുകൊടുത്തിട്ടുണ്ടെന്ന വിദേശകാര്യമന്ത്രി സ്വരൻസിങ്ങ് ഇന്ന് ലോകസഭയിൽ പ്രസ്താവിച്ചു.

ഇന്ത്യ ഇതു് സംബന്ധിച്ച് ചീനയോടും പാകിസ്ഥാനോടും പ്രതിഷേധിച്ചിട്ടുണ്ടെന്ന സ്വരൻസിങ്ങ് പറഞ്ഞു. പക്ഷേ അവർ മറുപടിയൊന്നും നൽകിയില്ല.

—

റഷ്യയിൽനിന്നും ട്രാൻസിസ്റ്റർ വാങ്ങാൻ ആലോചിക്കുന്നു

(പി. ടി. ഐ) ന്യൂഡെൽഹി ഏ. 5

അഖിലേന്ത്യാ റേഡിയോയുടെ ആവശ്യത്തിനുവേണ്ടി ശക്തികൂടിയ ഒരു ട്രാൻസ്മീററർ സോവ്യററ് യൂണിയനിൽനിന്നും വാങ്ങുന്നകാര്യം ഗവ: ന്റെ സൂക്ഷ്മപരിശോധനയിലുണ്ടെന്നു് വാർത്താവിതരണമന്ത്രി മിസ്സിസ് ഇന്ദിരാഗാന്ധി ഇന്ന് ലോക്സഭയിൽ പ്രസ്താവിച്ചു.

—

സച്ചാസിങ്ങ് കുഴപ്പം നേപ്പാൾ നിയമസഭയിൽ

(പി. ടി. ഐ) കാട്ട്മാണ്ടു് ഏ. 5

കൈറോൺ കൊലക്കേസ്സിലെ ഒന്നാംപുള്ളിയാണെന്ന് സംശയിക്കപ്പെടുന്ന സച്ചാസിങ്ങ് നേപ്പാൾ രാജാവിന്റെ സുഹൃത്താണെന്ന് ചില ഇന്ത്യൻപത്രങ്ങളിൽ വന്ന വാർത്ത അന്തസ്സില്ലാത്തതും, മര്യാദകെട്ടതുമായകരുചിത്രീകരണമാണെന്ന് നേപ്പാൾ ദേശീയപഞ്ചായത്തിൽ അംഗങ്ങളും, മന്ത്രിമാരും ഒരുപോലെ അഭിപ്രായപ്പെടുകയുണ്ടായി. ഈ റിപ്പോർട്ടിന്ന് ഉത്തരവാദികളായവരുടെ പേരിൽ നടപടി എടുത്തെങ്കിൽ മാത്രമേ ഇന്ത്യാ ഗവണ്മെണ്ടിന്റെ നിലപാട് വ്യക്തമാകുകയുള്ളവെന്ന് അവർ പറഞ്ഞു. പഞ്ചാബ് പോലീസ് ഡി. ഐ. ജി. അശ്വനികുമാറിന്റെ പ്രസ്താവനകളിലും സഭ പ്രതിഷേധം രേഖപ്പെടുത്തി.

....

പാലക്കാട്ട് വാർത്തകൾ

(സ്വ. ലേ) പാലക്കാട്ട്, ഏ. 5

ഭാവഹവളങ്ങൾക്ക അനുവദിച്ചിട്ടുള്ള കിഴിവ് അടുത്ത വർഷവും തുടർന്നു നൽകുവാൻ ഗവർമ്മെൻറ് നിശ്ചയിച്ചിട്ടുള്ളതായി പാക്കേജ് ജോയൻറ് ഡയറക്ടർ അറിയിക്കുന്നു. ഇതനുസരിച്ച് സൂപ്പർ ഫോസ്ഫേററ്,ഹൈപ്പർഫോസ്ഫേററ്, മിക്സച്ചറുകൾഎന്നിവയ്ക്കു് കിഴിവു് ലഭിക്കുന്നതാണ് ബ്ലോക്കിലെ കൃഷിഉദ്യോഗസ്ഥന്റെ സർട്ടിഫിക്കററിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് കുറഞ്ഞവിലക്ക് ഭാവഹവളങ്ങൾ വാങ്ങാവുന്നതാണ്.

അസി. ട്രഷറി ആഫീസർ

പാലക്കാട്ട് ജില്ലാട്രഷറിയിലെ അസി ട്രഷറിആഫീസർ ശ്രീ എ.അബ്ദുൾറഹിമാൻ പെൻഷനു് പ്രാരംഭമായി ലീവിൽ പ്രവേശിച്ചിരിക്കുന്നു.

ജില്ലാ വെററിനറി ആഫീസർ

പാലക്കാട്ട് ജില്ലാ വെററിനറി ആഫീസർ ഡോ. പി. എച്ച്. രാമകൃഷ്ണൻ അവധികഴിഞ്ഞ് വീണ്ടും ജില്ലാ വെററിനറി ആഫീസറായി ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

വിളമത്സരത്തിൽ ഒന്നാംസമ്മാനം

മണ്ണാർക്കാട്ടുബ്ലോക്കിൽ ഈ കഴിഞ്ഞ മുണ്ടകൻവിളയ്ക്ക് പാക്കേജ്രീതിയിൽ കൃഷിചെയ്തു് ഏക്കറൊന്നിന്നു് 5560 റാത്തൽ നെല്ല് ഉല്പാദിപ്പിച്ച തൂക്കാളർ ശ്രീ പള്ളത്തു മുഹമ്മദ് ഒന്നാം സമ്മാനം കരസ്ഥമാക്കിയിരിക്കുന്നു.

—

സിരിമാവോ ഗൂഢാലോചന

മാർക്സിസ്റ്റുകളുമായി കൂട്ടുകൂടി ഏകാധിപത്യത്തിന്നു് ശ്രമിച്ചു

ആഭ്യന്തരമന്ത്രി ദയാനായക്കിന്റെ പ്രസ്താവന

(പി ടി ഐ) കൊളമ്പോ, ഏ 5

സിലോൺ തെരഞ്ഞെടുപ്പിനുശേഷം ജനഹിതത്തെ മാനിക്കാതെ രാജ്യത്തു് ഒരു ഏകാധിപത്യവാഴ്ച സ്ഥാപിക്കുവാൻ മുൻ പ്രധാനമന്ത്രി സിരിമാവോയും അവരുടെ മാർക്സിസ്റ്റ് സുഹൃത്തുക്കളും കൂടി മാർച്ച് 3നും 25നും ഇടയ്ക്കു് ഒരു ഗൂഢാലോചനയിൽ ഏർപ്പെടുകയുണ്ടായെന്നു് ആഭ്യന്തരകാര്യമന്ത്രി ഡോ: ദയാനായിക് ഒരു പൊതുയോഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ആ ഗൂഢാലോചന വിജയിച്ചിരുന്നുവെങ്കിൽ യുനൈറഡ് നാഷനൽ പാർട്ടിയുടെ നേതാവ് സേനാനായിക്കിനേയും, മററ് യു. എൻ. പി. അനുകൂലനേതാക്കളേയും ജയിലിൽ പിടിച്ചിടുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഈശ്വരാധീനം ഒന്നുമാത്രമാണ് ഇത്രയും വലിയ ഒരാപത്തിൽനിന്ന് നാടിനെ രക്ഷിച്ചതു്.

ഈ ഗൂഢാലോചനയെ സംബന്ധിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മാർച്ച് 23-ാംനു- രാത്രി തന്നെ തെരഞ്ഞെടുപ്പ് ഫലങ്ങൾ പുറത്തു് വന്നെങ്കിലും മാർച്ച് 25-ാംനു- രാവിലെ മാത്രമേ സിരിമാവോ തന്റെ മന്ത്രിസഭയുടെ രാജി സമർപ്പിക്കുകയുണ്ടായുള്ളു.

മററ് കക്ഷികളുടെ സഹായത്തോടു് കൂടി ഒരു ഗവണ്മെണ്ടു് രൂപീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ താൻ ആരായുകയായിരുന്നെന്നാണ് അവർ അന്നു് പറഞ്ഞതു്. അതു് നടപ്പില്ലെന്നു് അവർക്ക് ബോദ്ധ്യമായപ്പോൾ മാത്രമേ അവർ രാജിവെക്കുകയുണ്ടായുള്ളു.

—

ടൂറിസ്റ്റ്വ്യവസായം വികസിപ്പിക്കാൻ കോർപ്പറേഷൻ

(പി ടി ഐ) തിരു, ഏ 5

ടൂറിസം വികസിപ്പിക്കുന്നതിനും വ്യാപാരാടിസ്ഥാനത്തിൽ ടൂറിസ്റ്റുവ്യവസായം സംഘടിപ്പിക്കുന്നതിനുമായി കേരളത്തിൽ ഒരു ടൂറിസ്റ്റുവികസന കോർപ്പറേഷൻ രൂപീകരിക്കുന്നതാണ്.

ഈ കോർപ്പറേഷൻ ഗവണ്മെണ്ടിന്റെ ഒരു പ്രൈവററ് ലിമിററഡ് കമ്പനിയായിരിക്കും.

ഈ കോർപൊറേഷന്റെ രൂപീകരണത്തോടനുബന്ധിച്ച പ്രവർത്തനങ്ങൾക്കായി ശ്രീ. വി. വി ജോസഫിനെ ഒരു സ്പെഷൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പിന്നീട് മി. ജോസഫ്കോർപൊറേഷന്റെചെയർമാനും മാനേജിംഗ്ഡയറക്ടറുമായി ചാർജ്ജെടുക്കും.

—

അയൂബ്ഖാൻ മാവോയെ ഉദ്ധരിച്ചു

മോസ്കോ, ഏ 5

സോവിയററ് നേതാക്കന്മാരുമായി പ്രസിഡണ്ട് അയൂബ്ഖാൻ നടത്തിയസംഭാഷണവേളയിൽ ഇരുരാഷ്ട്രങ്ങളുംതമ്മിൽ എത്തിച്ചേരേണ്ട ഉടമ്പടിയുടെ മേഖലകളെപ്പററി മി. അയൂബ് ഊന്നിപ്പറയുകയുണ്ടായെന്നു് കാര്യജ്ഞാനമുള്ള വൃത്തത്തിൽനിന്നും അറിയുന്നു.

സാമ്രാജ്യത്വവും കൊളോണിയലിസവും സമ്പൂർണ്ണമായി നിർമ്മാർജ്ജനംചെയ്യപ്പെടുകയും ദക്ഷിണവിയററ്നാമിൽനിന്നും അമേരിക്ക വിട്ടുപോവുകയും ചെയ്യുക എന്ന പാക്കിസ്ഥാന്റെ നിലപാടും ഉടമ്പടിമേഖലയിൽ ഉൾപ്പെടുമെന്ന് ഈ വൃത്തം ചൂണ്ടിക്കാട്ടി.

അമേരിക്കൻസേന ദക്ഷിണവിയറ്റ്നാമിൽനിന്നു് പിൻവലിക്കണമെന്നു് പാക്കിസ്ഥാൻ പരസ്യമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിൽപോലും സോവ്യററ്നേതാക്കന്മാരുമായി നടത്തിയ രഹസ്യസംഭാഷണത്തിൽ പാക്നേതാക്കന്മാർ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്നാണ് അറിയുന്നതു്.

പാക്കിസ്ഥാൻ സമ്പൂർണ്ണവും പൊതുവെയുള്ളതുമായ ഒരു നിരായുധീകരണത്തിന്നും സമാധാനപരമായ സഹവർത്തിത്വത്തിന്നും വേണ്ടിയാണ് നിലകൊള്ളുന്നതെന്നും അയൂബ് പ്രസ്താവിച്ചതായും വിശ്വസിക്കുന്നു.

സോവിയററ് നേതാക്കന്മാരുടെ പ്രയോജനത്തിന്നുവേണ്ടി, 'മഹാനായ ഒരു പൌരസ്ത്യനേതാവി'ന്റെ ഒരു വാചകം അയൂബ്ഖാൻ ഉദ്ധരിച്ചുവത്രെ. "നൂറു പുഷ്പങ്ങൾ വിരിയട്ടെ, നൂറു ചിന്തകൾ ഇടയട്ടെ" എന്നതായിരുന്നു ആ വാചകം.

....

പ്ലാനിങ്ങ് ഇൻസ്പെക്ടർ

[സ്വ ലേ] ഇരിങ്ങാലക്കുട, ഏ. 5

ഇവിടെ 80-180ക. ഗ്രെയിഡിൽ ഒരു ടൌൺ പ്ലാനിങ്ങ് ഇൻസ്പെക്ടറെ നിയമിക്കുവാൻ ഗവർമ്മേണ്ടുത്തരവായിരിക്കുന്നു.

സീസൺസ് കാഫി
ഗുണത്തിലും മണത്തിലും കീർത്തിനേടിയതു്
പാലത്തിങ്ങൽ സ്റ്റോഴ്സ്
റാണാ — ഇരിങ്ങാലക്കുട

Printed and Published by Paul Valappila for the A. C. P Institute at the Thozhilali Press Trichur

മാർക്കററ്

ഏപ്രിൽ 5തിങ്കൾ

		തൃശ്ശൂർ	ആലപ്പുഴ	കൊച്ചി
വെളിച്ചെണ്ണ	(കിൻറലിന്)	339-00	335-00	337-00
,, ഒന്നാംഅച്ചടി	,,	....	314-25	313-75
,, രണ്ടാംഅച്ചടി	,,	....	326-50	325-00
കൊപ്ര പുകരാശി	,,	230-00	230-00	228-00
,, തെളിവ്	,	....	235-00	208-00
പിണ്ണാക്ക്	,,	53-00	54-50	60-00
ഉരുളൻതേങ്ങ	,,	....	....	315-00
തേങ്ങ (മടൽപ്പുറം)	,,	....	396-00	345-50
കുരുമുളക്	,,	380-00	392-00	361-00
,, വരവ് മേനി	,,	....	416-00	290-00
,, തെക്കൻ	,,	....	317-00	110-00
കുരുവണ്ടി	,,	85-00	....	110-00
ചുക്ക്	,,	350-00	438-00	560-00
മഞ്ഞൾ	,,	125-00	340-00	340-00
അടയ്ക്കാ	,,	....	150-00	310-00
വെള്ളാവി ചൂര്	(20 കിലോ)	115-40	300-00	....
കിളിച്ചൂര്	,,	140-50	120-00	....
അയലോൺ തെ.	(50 കിലോ)	380-50	....	....
,, എരൽ	,,	400-25	....	....
പുൽതൈലം	,,	110-00	....	600-00
പച്ചരി	,,	....	....	....
പുഴുക്കലരി	,,	....	....	....
,, (സി. ഒ.)	,,	....	....	....
നുറുക്കരി	,,	....	....	....
കയറ് അഞ്ചുതെങ്ങ്	(കിൻറ)	....	....	....
,, ആലങ്ങാടൻ	,,	....	115-00	....
,, ആറാട്ടുപുഴ	,,	....	110-00	....
അണ്ടി	കിൻറൽ	87-50	....	....

റേഡിയോ

ഏപ്രിൽ 6-ാംനു- ചൊവ്വ

തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ,

454.5, 441.2, 517.2 മീററർ.

കാലത്തു്

6-30 മംഗളവാദ്യം, സുഭാഷിതം
6-35 പരിപാടികളെപ്പററിയുള്ള അറിയിപ്പുകൾ
6-40 വാർത്തകൾ ഇംഗ്ലീഷിൽ
6-45 ഉദയഗീതം
7-15 ഇന്നത്തെ ചിന്താവിഷയം
7-20 ഭക്തിഗീതം
7-30 വാർത്തകൾമലയാളത്തിൽ
7-45 ഗാനമാലിക
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 പുല്ലാംകുഴൽ (എൻ. എസ്. ഗണപതി)
8-45 സമാപനം

ഉച്ചതിരിഞ്ഞ്

12-30 വായ്പാട്ട്(എൻ. കെ. സുകുമാർ)
12-35 പ്രാദേശികവാർത്തകൾ
1-05 ഗീതാവലി
1-20 വാർത്തകൾ മലയാളത്തിൽ
1-30 ലളിതഗാനങ്ങൾ (പി. ശാന്താദേവി)
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സുഗമസംഗീതം
2-00 കാലാവസ്ഥ

രാത്രി

5-30 തൊഴിലാളിമണ്ഡലം
6-00 പ്രാദേശിക അറിയിപ്പുകൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാട്ടിൻപുറം
7-00 മലയാളപ്രഭാഷണം
7-10 ചലച്ചിത്രഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-50 വായ്പാട്ട് (മി. എ. സുകുമാരൻ)
8-30 ഗാനസുധ
8-50 ഇന്നത്തെപാർലിമെണ്ട്
9-00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 പ്രഭാഷണംഇംഗ്ലീഷിൽ
9-30 നിഴൽനാടകം
9-45 ലയവിന്യാസം
10-00 വായ്പാട്ട്
10-30 വാർത്തകൾ ഇംഗ്ലീഷിൽ
10-35 സമാപനം.

....

